ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസിന്റെ നവീകരണവുമായി ബന്ധപ്പെട്ട്, ചെലവായ തുകയുടെ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത തുക ഉപയോഗിച്ച് വാഹനങ്ങൾ, ആയുധങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, പോലീസിനുവേണ്ട മറ്റ് അത്യാവശ്യസാധനങ്ങൾ, വിവിധ ആഫീസുകൾക്കുവേണ്ട കെട്ടിട നിർമ്മാണം, ജീവനക്കാർക്ക് താമസത്തിനുവേണ്ട ക്വാർട്ടേഴ്സ് നിർമ്മാണം തുടങ്ങിയവയ്ക്കായി ഈ തുക വിനിയോഗിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്*.

സൈബർ കുറ്റകൃത്യങ്ങൾ

200 (204) ശ്രീ. എസ്. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാലയളവിൽ ഫെയ്സ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗുരുതരമായ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) മേൽപ്പറഞ്ഞ കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടവ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് 1596 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ കാലയളവിലെ ഫെയ്സ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 915 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ അതീവ ഗുരുതരമായ 30 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) മേൽ പറയുന്ന എല്ലാ കേസുകളിലും കൂടി 1440 കേസുകളിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ കുറ്റത്തിന് നടപടി

201 (205) ശ്രീ. പി. ടി. എ. റഹീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ എത്ര പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ ക്രിമിനൽ കുറ്റത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോരുത്തരുടേയും റാങ്ക് അനുസരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവരിൽ പിരിച്ചുവിടൽ, സസ്പെൻഷൻ, സ്ഥലംമാറ്റം എന്നിവയ്ക്ക് വിധേയരായവർ എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 654.

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) 6 പേരെ പിരിച്ചുവിടുകയും, 454 പേരെ സസ്പെന്റ് ചെയ്യുകയും, 140 പേരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ചവർ ആത്മഹത്യ ചെയ്ത സംഭവം

202 (206) ശ്രീ. കെ. കെ. നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പോലീസ് കസ്റ്റഡിയിൽനിന്നും വിട്ടയച്ച എത്രപേർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ആരെല്ലാമാണെന്നും ഏതൊക്കെ പോലീസാണ് കസ്റ്റഡിയിൽ എടുത്തത് എന്നും പ്രത്യേകം വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly